# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6768 — 10.07.2014 ൽ മറുപടിക്ക്

### വടക്കഞ്ചേരി സി.എച്ച്.സി-യിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വടക്കഞ്ചേരി ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി ആയി ഉയർത്തിയെങ്കിലും സി.എച്ച്.സി പാറ്റേൺ പ്രകാരം ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാത്തത് മൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യപ്പെട്ടിട്ടുള്ളത്;<br><br>(സി) ഈ തസ്തികകൾ സൃഷ്ടിക്കുന്ന തിനുള്ള നടപടികൾ ഏതുവരെ യായെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) വടക്കഞ്ചേരി സി.എച്ച്.സി.-യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ. കൂടാതെ സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടി ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാൻ സ.ഉ(സാധാ) നം.1669/14/ആകുവ തീയതി 26/05/2014 പ്രകാരം അംഗീകാരം ലഭിച്ച 154 ആശുപത്രികളിൽ വടക്കഞ്ചേരി സി.എച്ച്.സി യും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ